സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത, പെൻഷൻകാരുടെ ക്ഷാമാശ്വാസം - 01-01-2019, 01-07-2019, 01-01-2020, 01-07-2020 തീയതികൾ മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചത് - തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് അനുവദിച്ചത്--ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 11900/11/Est-I** നന്തൻകോട്, 24/03/2021

---

പരാമർശം :- 19-03-2021 ലെ ROC 11900/11/Est-1 നമ്പർ ബോർഡുത്തരവ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ക്ഷാമബത്ത, പെൻഷൻകാരുടെ ക്ഷാമാശ്വാസം എന്നിവ 01-01-2019, 01-07-2019, 01-01-2020, 01-07-2020 തീയതികൾ മുതൽ പ്രാബല്യത്തിൽ അനുവദിച്ച് പരാമർശം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ പെൻഷൻകാരുടെ ക്ഷാമാശ്വാസ കുടിശ്ശിക അനുവദിക്കുന്ന കാര്യം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതിന് തീരുമാനിച്ചിരുന്നത് ഭേദഗതി ചെയ്ത് പെൻഷൻകാരുടെ ക്ഷാമാശ്വാസ കുടിശ്ശിക 01-12-2021 ലെ പെൻഷനോടൊപ്പം നൽകുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവാകുന്നു.

പ്രസ്തുത തീയതിയ്ക്ക് മുൻപായി ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നപക്ഷം അപ്പോൾ ക്ഷാമാശ്വാസ കുടിശ്ശിക വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുന്നതിന് തീരുമാനിച്ചും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. മിനിറ്റ്സ് സെക്ഷൻ

(മറുപുറം)